**ക്ഷേമ പദ്ധതികൾ**

പ്രവാസി കേരളീയ ക്ഷേമപദ്ധതി വിഭാവനം ചെയ്യുന്ന വിവിധ പദ്ധതികളാണ് ക്ഷേമ ബോർഡ് നടപ്പിലാക്കികൊണ്ടിരിക്കുന്നത്.

1. **പെൻഷൻ**

അറുപത് വയസ്സ് പൂർത്തിയായതും, അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം ആയിരം രൂപയും അറുപതു വയസ്സ് പൂർത്തിയായതും, അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായമടച്ചിട്ടുള്ളതും, സ്വന്തം നാട്ടിലേക്ക് തിരിച്ചു വന്നതുമായ ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം അഞ്ഞൂറു രൂപയും പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. മുൻ പ്രവാസി കേരളീയൻ (വിദേശം) അംഗത്തിനും പ്രവാസി കേരളീയൻ (ഭാരതം) അംഗത്തിന് അംശദായം 100 രൂപയും പെൻഷൻ 500 രൂപയും ആണ്. അംശദായം തുടർച്ചയായി ഒരു വർഷക്കാലമോ അതിലധികമോ അടയ്ക്കാൻ വീഴ്ചവരുത്തിയാൽ അംഗത്വം സ്വമേധയാ റദ്ദായിപ്പോകുന്നതാണ്.

2. **കുടുംബപെൻഷൻ**

അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ള ഒരുപ്രവാസി കേരളീയനായ അംഗവും, പ്രവാസികേരളീയൻ (ഭാരതം) അംഗവും, സ്വന്തം നാട്ടിൽ തിരിച്ചുവന്ന പ്രവാസി കേരളീയനായ (വിദേശം) അംഗവും, ഒരു കല്പിത അംഗവും മരണമടയുന്ന പക്ഷം അയാളുടെ കുടുംബാംഗങ്ങൾക്ക് പ്രതിമാസ കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. കുടുംബ പെൻഷൻ തുക ഓരോ വിഭാഗത്തിനും അർഹതപ്പെട്ട പ്രതിമാസ പ്രായാധിക്യ പെൻഷൻ തുകയുടെ അൻപതു ശതമാനം ആയിരിക്കും.

3. **അവശതാ പെൻഷൻ**

തന്റെ നിത്യവൃത്തിക്കായി ഏതെങ്കിലും തൊഴിൽ ചെയ്യുന്നതിന് സ്ഥായിയായ ശാരീരിക അവശത മൂലം പ്രാപ്തിക്കുറവ് അനുഭവിക്കുന്നതും ക്ഷേമനിധിയിൽ മൂന്നുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായമടച്ചിട്ടുള്ളതുമായ ഒരംഗത്തിന് അർഹതപ്പെട്ട പെൻഷൻ തുകയുടെ നാല്പതുശതമാനത്തിനു തുല്യമായ തുക പ്രതിമാസ അവശതാ പെൻഷൻ ലഭിക്കാനർഹത ഉണ്ടായിരിക്കുന്നതാണ്.

4. **മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ധനസഹായം**

ഈ പദ്ധതിയിൽ അംഗമായിരിക്കെ അസുഖം മൂലമോ അപകടം മൂലമോ, മരണമടയുന്ന പ്രവാസി കേരളീയരായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് അൻപതിനായിരം രൂപയും വിദേശത്തു നിന്നും തിരിച്ചുവന്ന പ്രവാസി കേരളീയനായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് മുപ്പതിനായിരം രൂപയും, പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിന്റെ ആശ്രിതർക്ക് ഇരുപത്തയ്യായിരം രൂപയും, കല്പിത അംഗങ്ങളുടെ ആശ്രിതർക്ക് ഇരുപതിനായിരം രൂപയും മരണാനന്തര ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

5 **ചികിത്സാസഹായം**

ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടേയും കല്പിതാംഗങ്ങളുടേയും ചികിത്സക്കായി ഒരംഗത്തിന് മുഴുവൻ അംഗത്വകാലയളവിൽ അമ്പതിനായിരം രൂപയെന്ന പരമാവധി പരിധിക്ക്

വിധേയമായി ധനസഹായം അനുവദിക്കാവുന്നതാണ്. ധനസഹായത്തിന് അർഹതയുള്ള ഗുരുതരമായ രോഗങ്ങൾ ഏതൊക്കെയെന്നത് അതാത് കാലത്തെ ബോർഡ് അംഗീകരിക്കുന്ന പ്രകാരമായിരിക്കും. ബോർഡ് മുൻകൂട്ടി അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലെ/ ക്ലിനിക്കുകളിലെ/ചികിത്സാസ്ഥാപനങ്ങളിലെ ചികിത്സകൾക്കു മാത്രമായിരിക്കും ധനസഹായത്തിന് അർഹത.

6. **വിവാഹധനസഹായം**

കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചുവരുന്ന കല്പിതാംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടേയും സ്ത്രീ അംഗങ്ങളുടേയും വിവാഹച്ചിലവിനായി പതിനായിരം രൂപ ഒരംഗത്തിന് നിധിയിൽ നിന്നും ലഭിക്കുന്നതാണ്. എന്നാൽ രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

7. **പ്രസവാനുകൂല്യം**

(1) തുടർച്ചയായി ഒരുവർഷക്കാലം അംശദായം അടച്ചിട്ടുള്ള കല്പിതാംഗങ്ങൾ ഒഴികെയുള്ള ഒരു വനിതാ അംഗത്തിന് പ്രസവത്തിന് മൂവായിരം രൂപ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ഒരംഗത്തിന് രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(2) ഗർഭം അലസൽ സംഭവിച്ച കല്പിതാംഗങ്ങൾ ഒഴികെയുള്ള വനിതാ അംഗത്തിന്രണ്ടായിരം രൂപ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ, രണ്ടുതവണ പ്രസവാനുകൂല്യമോ ഗർഭം അലസലിനുള്ള ആനുകൂല്യമോ രണ്ടും കൂടിയോ ലഭിച്ച അംഗത്തിന് തുടർന്ന് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

8. **വിദ്യാഭ്യാസ ആനുകൂല്യം**

രണ്ടുവർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കളുടെ വിദ്യാഭ്യാസത്തിന് ഗ്രാന്റ് അനുവദിക്കാവുന്നതാണ്. ഗ്രാന്റിന് അർഹതയ്ക്കുള്ള മാനദണ്ഡം, ക്ലാസ്, കോഴ്സ്, ഗ്രാന്റ് തുക, അപേക്ഷാരീതി, അപേക്ഷയുടെ മാതൃകയും അനുബന്ധ രേഖകളും എന്നിവ സംബന്ധിച്ചും മററും ഉള്ള പദ്ധതി ബോർഡ് ആവിഷ്കരിച്ച് സർക്കാരിന്റെ അനുമതിയോടെ നടപ്പാക്കാവുന്നതാണ്.